# ജി. എച്ച്. എസ്. എസ്.
## മുതുവല്ലൂർ



# അക്കാദമിക് മാസ്റ്റർപ്ലാൻ
## 2025-2026

# ജി.എച്ച്.എസ്.എസ്.
# മുതുവല്ലൂർ
## അക്കാദമിക് മാസ്റ്റർപ്ലാൻ
## 2025-2026

## ആമുഖം

മുതുവല്ലൂർ ദേശത്ത് താമസിച്ചിരുന്ന തലയൂർ മൂസ്സതുമാരുടെ കുടുംബത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി അവരുടെ തന്നെ ഊട്ടുപുരയിൽ എഴുത്തച്ഛൻ വിഭാഗത്തിൽപ്പെട്ട ഒരധ്യാപകനേയും വെച്ച് 1928 ൽ ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ മുതുവല്ലൂർ ഗവൺമെൻറ് ഹയർസെക്കണ്ടറി സ്കൂളായി മാറിയിട്ടുള്ളത്.ആദ്യകാലത്ത് മൂസ്സതുമാരുടെ കുടുംബത്തിലെ വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. പിന്നീട് അവരുടെ ജോലിക്കാരായ ഉയർന്ന ജാതിയിലുള്ളവർക്കും അവരുടെ മക്കൾക്കും അനുവദിക്കപ്പെട്ടു. ക്രമേണ ആ പ്രദേശത്തെ സമ്പന്നരായ മറ്റു മതസ്ഥരെയും ഉൾപ്പെടുത്തുകയുണ്ടായി. 1935 ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുത്ത ശേഷം ഈ സ്കൂൾ ഗവൺമെൻറ് സ്കൂളായി മാറുകയും സ്കൂൾ സമീപ സ്ഥലമായ തങ്കടത്തേക്ക് മാറ്റുകയും ചെയ്തു. പഠിതാക്കളുടെ അവസ്ഥക്ക് മാറ്റമുണ്ടായില്ല.
പിന്നീട് 1957 ൽ ഒന്നാം കേരള സർക്കാർ ഈ വിദ്യാലയത്തെ യു.പി.സ്കൂളായി ഉയർത്തി. അതേ സമയം സ്കൂൾ അപ്പോൾ നിലവിലുണ്ടായിരുന്ന സ്ഥലത്തിൻറെ അയൽവാസിയായ ശ്രീ പങ്ങിനിക്കോട്ട് ഗോപാലൻ നായരുടെ തന്നെ സ്ഥലമായി ചെറുപ്പറമ്പിലേക്ക് മാറുകയും ചെയ്തു. 10 ക്ലാസ്സുമുറികളോടുകൂടിയ ഇഷ്ടപ്പിലുള്ള കെട്ടിടമാണ് അന്നുണ്ടായിരുന്നത്.പരിസര പ്രദേശങ്ങളായ മുതുവല്ലൂർ, മുണ്ടക്കുളം, കുഴിഞ്ഞളം, ഒഴുകൂർ, കൊണ്ടോട്ടിയുടെ അതിർത്തി പ്രദേശം പരതക്കാട്, മുതുപറമ്പ്, വലിയപറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുട്ടികൾ ഇവിടേക്ക് വരാൻ തുടങ്ങി.തുടർന്ന് സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ടി പി.ടി.എ.യുടെയും നാട്ടുകാരുടെയും നിരന്തര പരിശ്രമം നടക്കുകയും 2008 ൽ ഹൈസ്കൂൾ ആയി ഉയർത്തുകയും ചെയ്തു. 2010 ൽ ഹയർസെക്കണ്ടറിയും അനുവദിച്ചതോടെ പഞ്ചായത്തിലെ ആദ്യ ഗവൺമെൻറ് ഹയർസെക്കണ്ടറി സ്കൂളായി മാറി.
എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വർഷവും തുടർച്ചയായി 100% വിജയം നേടിക്കൊണ്ടിരിക്കുന്നു. 2018 ൽ നവതി ആഘോഷിച്ച വിദ്യാലയം 2024ൽ നൂറാം വർഷത്തിലേക്കു പ്രവേശിക്കും.

അക്കാദമിക് മാസ്റ്റർപ്ലാനിന്റെ ലക്ഷ്യങ്ങൾ:

1. ഗ്രാമീണാന്തരീക്ഷത്തിൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പ്രദേശത്തെ എല്ലാ കുട്ടികൾക്കും സൗജന്യവും സമഗ്രവുമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുക.

2. പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെ പാഠ്യപദ്ധതിയ്ക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനമണ്ഡലം രൂപപ്പെടുത്തൽ.

3. ലളിതവും രസകരവും സർഗാത്മകവുമായി പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

<u>അടിസ്ഥാനവിവരങ്ങൾ</u>

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ജി.എച്ച്.എസ്.എസ്. മുതുവല്ലൂർ |
| വിലാസം | മുതുവല്ലൂർ പി.ഒ, മലപ്പുറം 673638 |
| സ്കൂൾ കോഡ് | 18139 (എച്ച് എസ് ),11235 (എച്ച്.എസ്.എസ്) |
| വിദ്യാഭ്യാസജില്ല | മലപ്പുറം |
| വിദ്യാഭ്യാസ ഉപജില്ല | കിഴിശ്ശേരി |
| റവന്യൂജില്ല | മലപ്പുറം |
| ബി.ആർ.സി | അരീക്കോട് |
| സി.ആർ.സി | ചുള്ളിക്കോട് |
| ഗ്രാമപഞ്ചായത്ത് | മുതുവല്ലൂർ വാർഡ് 12 |
| ബ്ലോക്ക് പഞ്ചായത്ത് | കൊണ്ടോട്ടി |
| ജില്ലാപഞ്ചായത്ത് | മലപ്പുറം |
| നിയമസഭാമണ്ഡലം | കൊണ്ടോട്ടി |
| ലോകസഭാമണ്ഡലം | മലപ്പുറം |
| താലൂക്ക് | കൊണ്ടോട്ടി |
| വില്ലേജ് | മുതുവല്ലൂർ |
| ഇ മെയിൽ | ghsmuthuvallur@gmail.com |
| വിസ്തീർണ്ണം | 1.40 ഏക്കർ |
| പ്രിൻസിപ്പാൾ | അബ്ദുൽ അസീസ്. വി |
| ഹെഡ്മാസ്റ്റർ | അബൂബക്കർ. എം |

# എച്ച്.എസ്. വിഭാഗം

| പദ്ധതി: 'നന്മ മലയാളം' | | | | |
|---|---|---|---|---|
| ഉപവിഭാഗം: മലയാളം (എച്ച്.എസ്) | | | | |
| ലക്ഷ്യം: ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളുടെ ഭാഷാപ്രയോഗശേഷിയും സർഗാത്മകതയും വർധിപ്പിക്കുക രചനാപ്രവർത്തനങ്ങളിലൂടെ പഠനമികവ് വർധിപ്പിക്കുന്നതോടൊപ്പം ഭാഷാപഠനം ലളിതവും രസകരവുമാക്കുക. | | | | |
| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
| 1 | എട്ടാം ക്ലാസിലെത്തുന്ന എല്ലാ കുട്ടികളും മലയാളം അടിസ്ഥാനജ്ഞാനം നേടിയവരാണെന്ന് ഉറപ്പാക്കുക. എഴുത്തും വായനയും അറിയാത്തവർക്ക് പ്രത്യേക പരിശീലനം നൽകൽ ( വിജയസ്പർശം) | ജൂൺ | | പഞ്ചായത്ത് |
| 2 | പാഠഭാഗങ്ങൾ മുഴുവനായി ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തി വിനിമയം ചെയ്യുന്നു. | വർഷം മുഴുവൻ | | സ്വയം |
| 3 | വ്യാകരണപഠനം ലളിതമാക്കാൻ പ്രത്യേകം ഐ.സി.ടി മൊഡ്യൂൾ തയ്യാറാക്കുന്നു. | | | |
| 4 | സാഹിത്യനായകൻമാരുടെ വീടുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് നവംബർ | | രക്ഷിതാക്കൾ |
| 5 | കവിയരങ്ങുകൾ, നാടകക്കളരി, തിരക്കഥ ശില്പശാല എന്നിവ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് ഒക്ടോബർ ജനുവരി | | സ്പോൺസർഷിപ്പ് |
| 6 | 'ദൃശ്യ' ഫിലിം ക്ലബ് രൂപവത്കരിച്ച് ലോക ക്ലാസിക് സിനിമകളെ പരിചയപ്പെടുത്തുകയും ഫിലിം ഫെസ്റ്റുകൾ സംഘടിപ്പിക്കുകയും ചെയ്യുക | അനുചിത സന്ദർഭങ്ങൾ | | സ്വയം |
| 7 | ബ്ലോഗിംഗ് പരിചയപ്പെടുത്തുകയും കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ റീൽസ്, ഷോർട്ട്സ്, ഷോർട്ട്ഫിലിമുകൾ എന്നിവയിലേക്ക് മാറ്റി പഠനത്തിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നു | അനുചിത സന്ദർഭങ്ങൾ | | സ്വയം |
| 8 | വ്യത്യസ്ത വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്താനും പഠിക്കാനും രസകരമായ സമീപനങ്ങൾ ഐ.സി.ടി സാധ്യതയിലൂടെ കണ്ടെത്തുന്നു. | | | സ്വയം |
| 9 | ഇ-മാഗസിൻ നിർമാണം പി.ഡി.എഫ് രൂപത്തിൽ പ്രസിദ്ധീകരിക്കുന്നു | മാസം തോറും | | സ്വയം |

| | | | | |
|---|---|---|---|---|
| Plan : English gate<br>Sub division : English | | | | |
| Objectives :<br>To ensure the opportunity to all the students for using the language | | | | |
| 1 | Bridge course for the backward students who are unable to use the language | June<br>July | 5000 | PTA |
| 2 | Formation of 'english city' for speak English without fear | 1 year | | |
| 3 | Develop e content based on all the chapters with the help of school it club | 1 year | | PTA |
| 4 | Create language corporate to use the language easily | 1 year | | |
| 5 | Formation of web magazine for enriching the student's creativity<br>1 year | 1 year | 5000 | PTA |
| 6 | Online english hub<br>Students get a chance for online chatting using English | | | |
| 7 | Enrich vocabulary<br>One word one day | 1 year | | |
| 8 | English assembly | 1 year | | |
| 9 | English theatre | 1 year | | |
| 10 | School radio | 1 year | | |

ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

i. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും ഫലപ്രദമായ രീതിയിൽ ഹിന്ദി എഴുതാനും വായിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക
ii. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികൾക്കും കിട്ടി എന്ന് ഉറപ്പുവരുത്തുക
iii. ഹിന്ദി ഭാഷ പഠനം ലളിതവും ,രസകരവും ,ആകർഷകവും ആകാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
iv. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|---|
| **1** | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പഠിപ്പിക്കുന്നു | അക്ഷരങ്ങൾ അടങ്ങിയ കാർഡ് നൽകുന്നു ഉറക്കെ വായിക്കുന്നു. | ജൂൺ | 1000 | PTA |
| **2** | ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു. | കേട്ടെഴുത്ത് ,പദ സൂര്യൻ ,പ്രശ്നോത്തരി എന്നിവ നൽകുന്നു. | ജൂലൈ | | |
| **3** | വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | ചെറുകഥ, ചെറുകവിത എന്നിവ വായിക്കാൻ പരിശീലിപ്പിക്കുന്നു | ആഗസ്റ്റ് | 1000 | |
| 4 | ഹിന്ദി ദിനാഘോഷത്തിൽ കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | ഹിന്ദി അസംബ്ലി പദ്യം ചൊല്ലൽ പോസ്റ്റ് നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | 1000 | പിടിഎ |
| 5 | നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു . പോസ്റ്റർ നിർമിക്കാൻ പഠിക്കുന്നു. | പോസ്റ്ററിന്റെ മാതൃക നൽകുന്നുവിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി പോസ്റ്റർ നിർമ്മിക്കാൻ പരിശീലിക്കുന്നു | ഒക്ടോബർ | | |
| 6 | കവിത വായിച്ച ആസ്വാദനക്കുറിപ്പ് | പാഠ ഭാഗങ്ങളിലെ | നവംബർ | | |

| | | | | | |
|---|---|---|---|---|---|
| | തയ്യാറാക്കാൻ പഠിക്കുന്നു | കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | | | |
| 7 | കഥയെ തിരക്കഥയാക്കി മാറ്റാൻ പരിശീലിക്കുന്നു | പാഠത്തിലെ സന്ദർഭങ്ങളെ അടിസ്ഥാനമാക്കി തിരക്കഥ എഴുതുന്നു | ഡിസംബർ ജനവരി | | |
| 8 | കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി ചരിത്ര കുറിപ്പ് എഴുതാൻ പരിശീലിക്കുന്നു ഡയറി എഴുതാൻ പരിശീലിക്കുന്നു | ചരിത്ര കുറിപ്പ് നിർമ്മിക്കാൻ നിർദ്ദേശിക്കുന്നു. എല്ലാദിവസവും ഡയറി എഴുതാൻഡയറി എഴുതാൻ നിർദ്ദേശിക്കുന്നു | ഫെബ്രുവരി മാർച്ച് | | |

**പദ്ധതി : ഗണിതം സുന്ദരം**

**ഉപവിഭാഗം: ഗണിതം**

ലക്ഷ്യം :

1. കുട്ടികളിൽ ഗണിതത്തിൻ്റെ ഏറ്റവും അടിസ്ഥാനപരമായ ഓപ്പറേഷൻസിനെ കുറിച്ചുള്ള ധാരണ ഉണ്ടാക്കൽ
2. ഗണിതത്തിൽ മാത്രം പിന്നോക്കം നിൽക്കുന്ന വരെ നിരന്തര മൂല്യനിർണയത്തോടെ മുമ്പിലെത്തിക്കുക
3. മത്സരപരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തമാക്കുക.

| നമ്പർ | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 1 | 1. ഗണിതത്തിൻ്റെ ഏറ്റവും അടിസ്ഥാനപരമായ ക്രിയകളെയും തത്വങ്ങളെയും കുറിച്ചുള്ള ധാരണ ഉണ്ടാക്കുക. | ജൂൺ | | ഗണിത അധ്യാപകർ |
| 2 | മാത്സ് ക്ലബ് രൂപീകരണവും ഗണിതശാസ്ത്രജ്ഞർ നൽകിയ സംഭാവനകൾ, ഗണിത തമാശകൾ , ഗണിത കൗതുകങ്ങൾ, തുടങ്ങിയവ ഉൾകൊള്ളുന്ന ഒരു പ്രദർശനമേള. | ജൂലൈ | 500 | ഗണിത അധ്യാപകർ |
| 3 | സ്കോളർഷിപ്പോടു കൂടിയ മത്സര പരീക്ഷയായ NMMS ന് മതിയായ പ്രാക്ടീസ് നൽകുക. | ഒരു വർഷം | | ഗണിത അധ്യാപകർ |
| 4 | ഗണിത പ്രാധാന്യമുള്ള ദിവസങ്ങളിൽ ക്വിസ് മത്സരം സംഘടിപ്പിക്കുക. | ഒരു വർഷം | | ഗണിത അധ്യാപകർ |
| 5 | ഗണിതത്തിൽ മാത്രം പിന്നോക്കം നിൽക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് അവരുടെ ഇഷ്ടത്തിന് ഉതകുന്ന രീതിയിൽ പ്രശ്ന പരിഹാരം നൽകുക. | ഒരു വർഷം | | ഗണിത അധ്യാപകർ |
| 6 | ജിയോജിബ്രയുടെ അടിസ്ഥാനപരമായ ഉപയോഗവും അവ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നത് ഒരു local expert ൻ്റെ സഹായത്തോടെ നൽകുക. | ഒക്ടോബർ | 1000 | ഗണിത അധ്യാപകർ, PTA |

| സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം : 1<br>വിദ്യാർത്ഥികളിൽ സാമൂഹ്യശാസ്ത്രബോധം വളർത്തുന്നതിന്. സാമൂഹ്യശാസ്ത്രപഠനം ലളിതവും രസകരമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ | | | | |
| നമ്പർ | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | സ്രോതസ് |
| 1 | സാമൂഹ്യശാസ്ത്രപ്രാധാന്യമുള്ള ദിനാചരണങ്ങൾ | തിരഞ്ഞെടുക്കപ്പെട്ട ദിനങ്ങൾ | 500 | അധ്യാപകൻ, സോഷ്യൽ ക്ലബ്, SRG |
| ലക്ഷ്യം : 2<br>കുട്ടികളിൽ ഉന്നത നിലവാരം കൈവരിയ്ക്കാനുതകുന്ന പൊതുവിജ്ഞാനം വളർത്തുക | | | | |
| 1 | ചരിത്രസംബന്ധിയായ വീഡിയോ /ചിത്രപ്രദർശനം | ഒരു വർഷം | 1,000 | അധ്യാപകൻ, സോഷ്യൽ ക്ലബ്, SRG |
| ലക്ഷ്യം : 3<br>പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കുക | | | | |
| 1 | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | ഡിസംബർ വരെ | 6000 | അധ്യാപകൻ, സോഷ്യൽ ക്ലബ്, SRG |
| ലക്ഷ്യം : 4<br>ഭൂപടവായന കുട്ടികളിൽ വളർത്തുക / സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | | | | |
| 1 | അറ്റ്ലസ് , മാപ്പുകൾ , ഗ്ലോബ് , എന്നിവ കുട്ടികളിൽ പരിചിതമാക്കുക | ഒരു വർഷം | 500 | അധ്യാപകൻ, |
| ലക്ഷ്യം : 5<br>ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക , പൗരബോധം , മൂല്യബോധം എന്നിവ വളർത്തിയെടുക്കുക | | | | |
| 1 | സ്കൂൾ പാർലമെന്റ് , പൗരബോധം , സാമൂഹ്യസേവനം എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുക | പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ദിനങ്ങളിൽ | 500 | അധ്യാപകൻ, |
| ലക്ഷ്യം : 6<br>മതേതരത്വം , സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക , സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | | | | |
| 1 | പ്രൊജക്റ്റ് , ചർച്ചകൾ , അഭിമുഖങ്ങൾ , സംവാദങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനം നടത്തുക | ഒരു വർഷം | 500 | അധ്യാപകൻ, |

| **ബയോളജി** | | | | |
|---|---|---|---|---|
| ലക്ഷ്യം :<br>വിദ്യാർത്ഥികൾകളിൽ ശാസ്ത്രബോധം വളർത്തുന്നതിന്<br>ശാസ്ത്രപഠനം ലളിതവും രസകരമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന്. | | | | |
| നമ്പർ | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | സ്രോതസ് |
| 1 | ശാസ്ത്രപ്രാധാന്യമുള്ള ദിനാചരണങ്ങൾ | ജൂൺ, ജൂലൈ | 500 | PTA |
| 2 | വീഡിയോ /ചിത്രപ്രദർശനം | ഒരു വർഷം | 1000 | PTA |
| 3 | ജൈവ വൈവവിധ്യ പരിസ്ഥിതി സൗഹൃദമേഖലകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്കുള്ള പഠനയാത്രകൾ | ഡിസംബർ വരെ | 5000 | PTA |
| 4 | സ്കൂൾ അടുക്കളത്തോട്ടം | ജനവരി വരെ | 1000 | PTA, SMC |
| 5 | സ്കൂളിലെ മരങ്ങൾക്ക ശാസ്ത്രീയനാമങ്ങൾ രേഖപ്പെടുത്തൽ | ഒരു വർഷം | 1000 | PTA |
| 6 | ക്ലാസ്സ് റൂം പ്രാക്ടിക്കൽ നടത്താനുള്ള ലാബ് സജീകരിക്കൽ | ഡിസംബർ വരെ | | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഫിസിക്കൽ സയൻസ്

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാസ്ത്ര പഠനം പരീക്ഷണ നിരീക്ഷണങ്ങളിലൂടെ രസകരമാക്കുന്നതിന് | പ്രതിഭാ പോഷണം: പരീക്ഷണങ്ങൾ സ്വയം ചെയ്ത് നിരീക്ഷണങ്ങളിൽ എത്തിച്ചേരൽ | എല്ലാ വെള്ളിയാഴ്ചയും 1pm to 2 pm | സയൻസ് ക്ലബ്ബ് | |
| 2 | സയൻസ് ലാബ് ക്രമീകരിക്കൽ | ആധുനിക സൗകര്യത്തോടു കൂടിയ സയൻസ് ലാബ് ക്രമീകരിക്കൽ | July | ജില്ലാ പഞ്ചായത്ത് | |
| 3 | ശാസ്ത്ര താല്പര്യ o വർദ്ധിപ്പിക്കൽ | ശാസ്ത്ര മാസിക തയ്യാറാക്കൽ: ഓരോ മാസത്തിലും പുതിയ ശാസ്ത്ര വാർത്തകൾ കണ്ടെത്തൽ മാഗസിൻ തയ്യാറാക്കൽ | ഓരോ മാസവും ഓരോ ശാസ്ത്ര മാസിക | സയൻസ് ക്ലബ്ബ് | |
| 4 | ശാസ്ത്രസംബന്ധമായ ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ | ദിനാചരണം:ശാസ്ത്ര പ്രാധാന്യമുള്ള ദിനാചരണങ്ങൾ ( ജൂലൈ 21, September 16, ഫെബ്രുവരി 28) തുടങ്ങിയ ഉദ്ഘാടനത്തിന ് മേഖലയുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തൽ | July,september, february | സയൻസ് ക്ലബ്ബ് | ക്ലബ്ബ് ഫണ്ട് |
| 5 | ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്ര യാത്രകൾ: ശാസ്ത്ര യാത്ര | വർഷത്തിൽ ഒരു യാത്ര | സയൻസ് ക്ലബ്ബ് | കുട്ടികൾ, അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 6 | ശാസ്ത്ര പ്രവർത്തനമാണ് എന്നറിയുന്നതിന് | ശാസ്ത്രമേളകൾ: സ്കൂൾതല ശാസ്ത്രമേളയിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തൽ. | ഒരു അധ്യയന വർഷത്തിൽ ഒന്ന്. | സയൻസ് ക്ലബ്ബ് | മേള ഫണ്ട് |

## മേഖല: അക്കാദമികം

പദ്ധതി: ആരോഗ്യകായിക വിദ്യാഭ്യാസം
**ഉപവിഭാഗം: കായികം**

ലക്ഷ്യം: എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പാക്കൽ
സംസ്ഥാന ദേശീയ ചാമ്പ്യൻഷിപ്പുകൾക്കായി കുട്ടികളെ തയ്യാറാക്കൽ
സമഗ്രമായ കായിക വിദ്യാഭ്യാസം ഉറപ്പാക്കുക.

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 1. | കായികക്ഷമതാ ഉപകരണങ്ങൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ | ജൂൺ | 25000 | PTA |
| 2. | ആഴ്ചയിൽ ഒരിക്കൽ യോഗ പരിശീലനം | | | |
| 3. | ആഴ്ചയിലലൊരിക്കൽ മാസ്ഡ്രിൽ | | | |
| 4. | വിവിധ ഗെയിംസ് പരിശീലനം | എല്ലാ മാസവും | | |
| 5. | ഫുട്ബോൾ, ബാഡ്മിന്റൻ, വോളിബോൾ കബഡി കോർഡുകൾ സജ്ജീകരിക്കൽ. | ജൂലൈ | 1,50,000 | സർക്കാർ |
| 6. | തല്പരരായ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം | ആഗസ്ത് | 10000 | ക്ലബ്ബുകൾ |
| 7. | ആധുനിക ഉപകരണങ്ങളോടുകൂടിയ ജിംനേഷ്യം സ്ഥാപിക്കുക. | സെപ്തംബർ | 50,000 | സ്പോൺസർഷിപ്പ് |
| 8. | സ്പോർട്സ് ക്ലിനിക്, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിക്കുക. | ഒക്ടോബർ | 10,000 | SSA |
| 9. | കുട്ടികൾക്ക് സ്പോർട്സ് കിറ്റുകൾ നൽകുക. | ഒക്ടോബർ | 20,000 | PTA |
| 10. | കായികാധ്യാപകർക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കുക | ജൂൺ | 5000 | SSA |
| 11. | സൗഹൃദ മത്സരങ്ങൾ, സ്കൂൾ സന്ദർശനങ്ങൾ, എക്സിബിഷൻ മാച്ചുകൾ എന്നിവ സംഘടിപ്പിക്കുക. | നവംബർ | 10,000 | പൂർവ്വ വിദ്യാർത്ഥികൾ |
| | | | | |

## മേഖല: അക്കാദമികം

| | | | | |
|---|---|---|---|---|
| പദ്ധതി: ഹൈടെക് വിവരസാങ്കേതിക വിദ്യ<br>**ഉപവിഭാഗം: ഐ.ടി.** | | | | |
| ലക്ഷ്യം: | വിവരസാങ്കേതികവിദ്യയിലൂടെ അധ്യയനം നടത്താൻ ആധ്യാപകരെ പ്രാപ്തരാക്കുക.<br>ഐ.ടി. പഠനത്തിലൂടെ പഠനം ലളിതവും രസകരവുമാക്കുക.<br>രക്ഷിതാക്കളെ ഐ.ടി. സാക്ഷരരാക്കുക. | | | |
| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
| 1. | അധ്യാപകർക്ക് ഐ.ടി. പരിശീലനം നൽകുന്നു. | ജൂൺ | 1000 | PTA |
| 2. | മലയാളം ഇംഗ്ലീഷ് ടൈപ്പിംഗ് | ജൂൺ | | |
| 3. | റൈറ്റർ, സ്പ്രെഡ് ഷീറ്റ് എന്നിവയിൽ പേജുകൾ സെറ്റു ചെയ്യൽ | ജൂൺ | | |
| 4. | പ്രിന്റ് ചെയ്യൽ | ജൂൺ | | |
| 5. | ഓഡാസിറ്റി, ഓപ്പൺഷോട്ട് വീഡിയോ എഡിറ്റ് എന്നിവയിൽ ഓഡിയോ വീഡിയോ എഡിറ്റ് ചെയ്യൽ | ജൂൺ | | |
| 6. | പ്രസന്റേഷൻ തയ്യാറാക്കൽ | ജൂൺ | | |
| 7. | ഇന്റർനെറ്റിൽ നിന്നും സമഗ്രയിൽ നിന്നും പഠനസാമഗ്രികൾ ഡൗൺലോഡ് ചെയ്യാൻ പഠിപ്പിക്കുക. | ജൂൺ | | |
| 8. | സമഗ്രയിൽ പഠനസാമഗ്രികൾ അപ്‌ലോഡ് ചെയ്യാൻ പഠിപ്പിക്കുക. | ജൂൺ | | |
| 9. | ഡൗൺലോഡ് ചെയ്ത വിവരങ്ങൾ പ്രസന്റേഷനിൽ ഉൾപ്പെടുത്തൽ | ജൂൺ | | |
| 10. | ഐ.ടി. തല്പരരായ രക്ഷിതാക്കൾക്ക് പരിശീലനം നൽകൽ. | ജൂൺ | 10000 | പഞ്ചായത്ത് |
| 11. | കുട്ടികളുടെ പാഠഭാഗങ്ങളിൽ രിക്ഷിതാക്കൾക്ക് സാമാന്യധാരണ നൽകൽ. | | | |
| 12. | പ്രൈമറിതലം മുതൽ ഐ.ടി. അധിഷ്ഠിത പഠനം കാര്യക്ഷമമാക്കാനുള്ള മൊഡ്യൂൾ തയ്യാറാക്കൽ. | ജൂലൈ | 2000 | SSA |
| 13. | ആനിമേഷൻ, വീഡിയോ എഡിറ്റിംഗ്, ഓഫീസ് സോഫ്റ്റ് വെയറുകൾ എന്നിവയിൽ പ്രത്യേക പരിശീലനം. | ആഗസ്ത് | | |
| 14. | ഐ.ടി. മേളകളിൽ പങ്കെടുക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം. | ആഗസ്ത് | 2000 | PTA |

## മേഖല: അക്കാദമികം

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 15. | വിവിധതലങ്ങളിലുള്ള കുട്ടികൾക്കായി ഐ.ടി. ക്വിസ് | സെപ്തംബർ | 1000 | PTA |
| 16. | ഇ-മാഗസിൻ നിർമ്മിച്ച് സ്കൂൾ വിക്കിയിലും സ്കൂൾ ബ്ലോഗിലും പ്രസിദ്ധീകരിക്കൽ. | എല്ലാ മാസവും | | |
| 17. | ഹാർഡ്‌വെയർ പരിശീലനം (എച്ച് എസ്. കുട്ടികൾക്ക്) | ഡിസംബർ | 5000 | IT School |
| 18. | സ്കൂൾ ആപ് നിർമ്മിച്ച് എല്ലാ അക്കാദമിക പ്രവർത്തനങ്ങളേയും ഏകോപിപ്പിക്കൽ. | ജനുവരി | 5000 | PTA |
| | | | | |

## മേഖല: അക്കാദമികം

പദ്ധതി: പ്രവൃത്തിപരിചയം

ലക്ഷ്യം: പ്രവൃത്തിപരിചയ മേഖലയിലുള്ള കഴിവുകൾ പരിപോഷിപ്പിച്ച് മേളകളിൽ മികവു പുലർത്തുന്നതോടൊപ്പം സ്വയംപര്യാപ്തത കൈവരിക്കാനും പ്രാപ്തരാക്കുക.

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 1. | പ്രവൃത്തിപരിചയ-കരകൗശല നിർമ്മാണ ശില്പശാല നടത്തി താൽപര്യമുള്ള കുട്ടികളെ കണ്ടെത്തുക. | ജൂൺ | | |
| 2. | കഴിവിന്റെ മേഖലകളുടെ ലിസ്റ്റ് തയ്യാറാക്കുക. | ജൂൺ | | |
| 3. | വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള പ്രാദേശികവിദ്ഗ്ധരുടെ ലിസ്റ്റ് തയ്യാറാക്കുക. | ജൂൺ | | |
| 4. | ഇവരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധയിനങ്ങളുടെ പരിശീലന ശില്പശാലകൾ സംഘടിപ്പിക്കുക. | ജൂൺ | 5000 | PTA |
| 5. | ശില്പശാലയ്ക്കാവശ്യമായ സാധനങ്ങളും ഉപകരണങ്ങളും സംഘടിപ്പിക്കുക. | ആഗസ്ത് | 5000 | |
| 6. | കരകൗശല നിർമ്മാണ ശില്പശാല, പ്രദർശനം സംഘടിപ്പിക്കുക. | ആഗസ്ത് | | |
| 7. | സ്കൂൾ കോമ്പൗണ്ട് വിവിധ ക്ലാസുകളിലെ കുട്ടികളുടെ പ്രവൃത്തിപരിചയ പഠനത്തിന് അനുഗുണമാക്കി മാറ്റൽ | സെപ്തംബർ | | |
| 8. | ഇതിന്റെ ഭാഗമായി പൂന്തോട്ട നിർമ്മാണം, ഔഷധത്തോട്ടം എന്നിവ നട്ടു പരിപാലിക്കൽ | സെപ്തംബർ | 3000 | PTA |
| 9. | എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി ഒരു പ്രവൃത്തിപരിചയ ക്ലബ്ബ് രൂപവത്കരിക്കുക. വിവിധ മത്സരങ്ങളും സേവന പ്രവർത്തനങ്ങളും സംഘടിപ്പിക്കൽ. | ഒക്ടോബർ | | |
| 10. | ക്ലബ്ബ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തി ഗ്രേഡ് നൽകുക. ഏറ്റവും നല്ല ക്ലബ്ബ് അംഗങ്ങളെ തെരഞ്ഞെടുത്ത് വർഷാവസാനം അവാർഡുകൾ നൽകുക. | എല്ലാ മാസവും | 3000 | PTA |
| 11. | കൂടുതൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ചവർക്ക് പുരസ്കാരങ്ങൾ നൽകുക. | ഡിസംബർ | 2000 | PTA |

## മേഖല: അക്കാദമികം

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 12. | മികവ് പ്രകടിപ്പിച്ചവർക്ക് കൂടുതൽ വിദഗ്ധമായ പരിശീലനം നൽകുക. | ജനുവരി | 2000 | PTA |
| 13. | ഇവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി വരുമാന മാർഗ്ഗമാക്കി മാറ്റുക. | ഫെബ്രുവരി | | |
| | | | | |

## മേഖല: അക്കാദമികം

| പദ്ധതി: ഭിന്നശേഷി വികസനം |
|---|
| ലക്ഷ്യം: എല്ലാ CWSN കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കി ശരാശരി നിലവാരത്തിലെത്തിക്കൽ.<br>തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുക.<br>രക്ഷിതാക്കളെ ഉദ്ബുദ്ധരാക്കി പഠനപ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കൽ. |

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 1. | CWSN കുട്ടികലുടെ പഠന നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുക. | ജൂൺ | | |
| 2. | ഓരോ കുട്ടിയുടേയും സാമൂഹ്യ സാമ്പത്തിക-ആരോഗ്യ കുടുംബ പശ്ചാത്തലം വിലയിരുത്തി പര്യാപ്തമായ മൊഡ്യൂൾ തയ്യാറാക്കുക. | ജൂൺ | 3000 | PTA |
| 3. | രക്ഷിതാക്കളേയും അഭ്യസ്തവിദ്യരായ മുതിർന്നവരേയും പങ്കെടുപ്പിച്ച് വിടുതല പഠന പ്രവർത്തനങ്ങൾ തയ്യാറാക്കുക. | ജൂലൈ | | |
| 4. | പോസ്റ്റ്ടെസ്റ്റ് നടത്തി കുട്ടികളുടെ പഠന പുരോഗതി പൊതുചടങ്ങിൽ വെച്ച് പ്രഖ്യാപിക്കുകയും അംഗീകാരം നൽകുകയും ചെയ്യുക. | ആഗസ്ത് | 3000 | സ്പോൺസർഷിപ്പ് |
| 5. | ഓരോ മാസത്തേക്കാവാശ്യമായ പഠന സാമഗ്രികൾ പഠനോപകരണങ്ങൾ, ഐ.ടി. റിസോഴ്സ് എന്നിവ മുൻകൂട്ടി തയ്യാറാക്കുക. | ആഗസ്ത് | 5000 | സ്പോൺസർഷിപ്പ് |
| 6. | ആശയ രൂപീകരണത്തിനും നിരന്തര വിലയിരുത്തലിനും പ്രത്യേകം വർക്ക്ഷീറ്റുകൾ തയ്യാറാക്കുക. | ആഗസ്ത് | 3000 | PTA |
| 7. | എല്ലാ മാസവും ക്ലാസ് പി.ടി.എ. വിളിക്കുകയും ഇതിനായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുകയും ചെയ്യുക. | | | |
| 8. | അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ വിലയിരുത്തൽ ഫലങ്ങൾ വിശകലനം ചെയ്ത് തുടർപ്രവർത്തനങ്ങൾ തയ്യാറാക്കുക. | സെപ്തംബർ | | |
| 9. | കുട്ടികളുടെ മികവുകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുക. | സെപ്തംബർ | | |
| 10. | CWSN കുട്ടികളും അവരുടെ സമസംഘങ്ങളും രക്ഷിതാക്കളും അധ്യാപകരും ഒരുമിച്ചുള്ള പഠനയാത്രകൾ സംഘടിപ്പിക്കൽ. | ഒക്ടോബർ | | |

## മേഖല: അക്കാദമികം

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 11. | സമസംഘങ്ങളുടെ സേവനം ക്ലാസ്മുറികളിൽ പ്രയോജനപ്പെടുത്തുക | | | |
| 12. | വിവിധതരത്തിലുള്ള ഒക്യുപ്പേഷണൽ തെറാപ്പികൾ, സ്പീച്ച് തെറാപ്പി, സ്വഭാവ പരിശീലനങ്ങൾ എന്നിവ ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കുക. | ഒക്ടോബർ | 5000 | SSA |
| 13. | തൊഴിൽ പരിചയം നേടുന്നതിനായി പരിശീലനങ്ങൾ സംഘടിപ്പിക്കുകയും കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുമിച്ചും വെവ്വേറെയും നൽകൽ. | നവംബർ | 10000 | SSA |
| 14. | ഉൽപ്പന്നങ്ങൾക്ക് സ്കൂളിൽ വില്പന സൗകര്യം കണ്ടെത്തുകയും വരുമാനമാർഗമായി രൂപപ്പെടുത്തുകയും ചെയ്യുക. | നവംബർ | | |
| 15. | രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ വിവിധ കലാകായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും അനുമോദിക്കുകയും ചെയ്യുക. | നവംബർ | 5000 | PTA |
| | | | | |

## മേഖല: അക്കാദമികം

പദ്ധതി: ക്ലബ്ബ് പ്രവർത്തനങ്ങൾ

ലക്ഷ്യം: ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് പുറമേ കുട്ടികളുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനും പ്രകടനത്തിനും പ്രയോഗത്തിനും വേദിയൊരുക്കുക.
വ്യക്തിത്വവികസനത്തിനും സാമൂഹ്യബന്ധം ശക്തിപ്പെടുത്തുന്നതിനും സാഹചര്യമൊരുക്കുക.

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 1. | സയൻസ് ക്ലബ്ബ്<br>സ്കൂൾ പരിസരവുമായി ബന്ധപ്പെട്ട അസുഖങ്ങളെക്കുറിച്ച് (കാലിനുണ്ടാകുന്ന വിണ്ടുകീറൽ) പ്രോജക്ട് തയ്യാറാക്കാൽ | ജൂൺ | 1000 | SSA |
| 2. | സയൻസ് മാസികകൾ വരുത്തുക. അതിലെ പരീക്ഷണങ്ങൾ നടത്തുക. | | | |
| 3. | സയൻസ് ലൈബ്രറിയും സയൻസ് പാർക്കും സ്ഥാപിക്കുക. | ജൂലൈ | 50000 | പഞ്ചായത്ത് |
| 4. | ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കാനായി പ്രത്യേക പരിശീലനങ്ങൾ നൽകുക. | | | |
| 5. | യുവശാസ്ത്രജ്ഞനെ കണ്ടെത്തൽ- അസംബ്ലിയിൽ | സെപ്തംബർ | | |
| 6. | സ്കോളർഷിപ്പ് കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ | | | |
| 7. | സയൻസ് നാടകം | സെപ്തംബർ | 5000 | രക്ഷിതാക്കൾ |
| 8. | വാനനിരീക്ഷണ ക്ലാസ് | | | |
| 9. | മെഡിക്കൽ എക്സിബിഷൻ | ഡിസംബർ | | |
| 10. | ഫീൽഡ് ട്രിപ്പ് | | | |
| | <u>ഹെൽത്ത് ക്ലബ്ബ്</u> | | | |
| 1. | ജിം പരിശീലനം | നവംബർ | 2000 | SSA |
| 2. | യോഗ ക്ലാസ്സ് | സെപ്തംബർ | 2000 | SSA |
| 3. | ഡ്രിൽ | നവംബർ | | |
| 4. | ആരോഗ്യ കാർഡ് | ആഗസ്ത് | 2000 | രക്ഷിതാക്കൾ |
| 5. | രക്തഗ്രൂപ്പ് ഡാറ്റാബാങ്ക് | ജൂലൈ | 10000 | സ്പോൺസർ |
| | <u>ഗണിത ക്ലബ്ബ്</u> | | | |
| 1. | ന്യൂമാറ്റ്സ് പരീക്ഷ ക്ലാസ്സുകൾ | ഒക്ടോബർ | | |
| 2. | ഗണിത ഉപകരണങ്ങൾ ശില്പശാല | നവംബർ | 5000 | സ്പോൺസർ |
| 3. | ജ്യാമിതീയ നിർമിതികൾ- ചാർട്ട്, ത്രെഡ്പാറ്റേൺ, മോഡലുകൾ | ആഗസ്ത് | | |

## മേഖല: അക്കാദമികം

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| 4. | മാന്ത്രികച്ചതുരങ്ങൾ | സെപ്തംബർ | | |
| 5. | സംഖ്യാപാറ്റേൺ, ചിത്രപാറ്റേൺ | ജൂൺ | | |
| 6. | പഴയ അളവുകൾ കണ്ടെത്തൽ | നവംബർ | | |
| 7. | ഗണിത ലൈബ്രറി | ജൂലൈ | 50000 | സർക്കാർ |
| 8. | ചാർട്ട് നിർമ്മാണം (ജ്യോമട്രി, പസിൽസ്) | ആഗസ്ത് | | |
| | **<u>ഇംഗ്ലീഷ് ക്ലബ്ബ്</u>** | | | |
| 1. | വ്യക്തിഗത ഡിക്ഷണറി | ജൂലൈ | | |
| 2. | ബുക്ക് റിവ്യൂ | ആഗസ്ത് | | |
| 3. | ഇംഗ്ലീഷ് സിറ്റി | ആഗസ്ത് | | |
| 4. | പ്രഗത്ഭരുമായി സംഭാഷണം | ഒക്ടോബർ | 1000 | പി.ടി.എ. |
| | **<u>വിദ്യാരംഗം</u>** | | | |
| 1. | കഥ, കവിത, ചിത്രരചന, നാടക ശില്പശാലകൾ സംഘടിപ്പിക്കൽ. | സെപ്തംബർ | | |
| 2. | സാഹിത്യകാരന്മാരുമായി സംവദിക്കാൻ അവസരം. | ഒക്ടോബർ | 1000 | പി.ടി.എ. |
| 3. | സാഹിത്യപ്രതിഭകളുടെ വീടുകൾ, സ്മാരകങ്ങൾ സന്ദർശനം. | നവംബർ | | |
| 4. | കൈയെഴുത്തു പതിപ്പുകൾ, യാത്രാകുറിപ്പുകൾ എന്നിവയുടെ പ്രകാശനം | ജൂലൈ | 2000 | രക്ഷിതാക്കൾ |
| 5. | സാഹിത്യ ക്വിസ്, കവിത, കഥ, ചിത്രരചന എന്നീ മേഖലകളിൽ സംസ്ഥാനതലം വരെ മത്സരിക്കാവുന്ന പ്രതിഭകളെ വാർത്തെടുക്കുക. | ആഗസ്ത് | | |
| | **<u>എനർജി ക്ലബ്ബ്</u>** | | | |
| 1. | LED ബൾബ് നിർമ്മാണം | ഡിസംബർ | 10000 | രക്ഷിതാക്കൾ |
| 2. | ഫിലമെന്റ് ബൾബുകൾ റിചാർജ് ചെയ്ത് പുന:രുപയോഗം നടത്തൽ | ആഗസ്ത് | 1000 | രക്ഷിതാക്കൾ |
| 3. | വൈദ്യുതി ഉപയോഗം കുറഞ്ഞ വാർഡ് പ്രഖ്യാപനം പ്രോജക്ട് | ഒക്ടോബർ | 2000 | പി.ടി.എ. |

## മേഖല: അക്കാദമികം

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | സ്രോതസ് |
|---|---|---|---|---|
| | **ഗാന്ധിദർശൻ ക്ലബ്ബ്** | | | |
| 1. | ഹോണസ്റ്റി ക്ലബ്ബ് (പഠന ഉപകരണങ്ങളുടെ വില പെട്ടിയിൽ നിക്ഷേപിക്കുക.) | ജൂൺ | 10000 | പി.ടി.എ. |
| 2. | സ്വദേശി ഉൽപന്നം - നിർമ്മാണം-വിപണനം | നവംബർ | 1000 | രക്ഷിതാക്കൾ |
| 3. | ഗാന്ധി സാഹിത്യപുസ്തക കോർണർ. | ഒക്ടോബർ | 5000 | SSA |
| | **സയൻസ് ക്ലബ്ബ്** | | | |
| 1. | ന്യൂട്രീഷൻ ഫുഡ് മേള | | 1000 | പി.ടി.എ. |
| 2. | ഔഷധ സസ്യതോട്ടം നിർമ്മാണം | ജൂലൈ | | |
| 3. | സയൻസ് കോർണർ | ജൂൺ | | |
| | **സാമൂഹ്യശാസ്ത്ര ക്ലബ്ബ്** | | | |
| 1. | പുരാവസ്തു ശേഖരണം | ഒക്ടോബർ | 5000 | പഞ്ചായത്ത് |
| 2. | സ്കൂൾ പാർലിമെന്റ് | ആഗസ്ത് | 1000 | പി.ടി.എ. |
| 3. | ലോക്കൽ ഹിസ്റ്ററി രചന | സെപ്തംബർ | 2000 | രക്ഷിതാക്കൾ |
| 4. | മാപ് ശിൽപശാല പരിചയപ്പെടൽ | ജൂൺ | 1000 | SSA |
| 5. | ഗ്ലോബ് ശിൽപശാല | ജൂലൈ | 1000 | SSA |
| | | | | |

# യു.പി. വിഭാഗം

ഭാഷ : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല/സാമ്പത്തികം |
| --- | --- | --- | --- |
| 1. ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും മലയാളംശരിയായ ഭാവത്തോടെ , ശരിയായ ഉച്ചാരണ ശുദ്ധിയോടെ ,നിർത്തേണ്ടിടത്ത് നിർത്തി ,ശരിയായ ചിഹ്നങ്ങൾ ചേർത്ത് വായിക്കുന്നതിന് പ്രാപ്തരാക്കുക. | കുട്ടികളുടെ നിലവാരം അറിയുന്നതിന് വേണ്ടി പ്രീ ടെസ്റ്റ് നടത്തൽ അക്ഷരം ഉറപ്പിക്കൽ (സ്വരങ്ങൾ,വ്യഞ്ജനങ്ങൾ,സ്വരചിഹ്നങ്ങൾ,കൂട്ടക്ഷരങ്ങൾ)ചിഹ്നങ്ങൾ ഉറപ്പിക്കൽ( സ്വരചിഹ്നങ്ങൾ ചേർക്കൽ,വാക്കുകൾ വാക്യങ്ങൾ എന്നിവ എഴുതിപ്പിക്കൽ,ചോദ്യങ്ങൾ തയ്യാറാക്കൽ) | ജൂൺ | ക്ലാസ്സ് ടീച്ചർ |
| 2.ശരിയായ വാക്യഘടനയോട് കൂടി എഴുതുക. | അക്ഷരങ്ങൾ നൽകി പ്രത്യയങ്ങൾ ചേർത്ത് വാക്കുകൾ വാക്യങ്ങൾ എന്നിവ നിർമ്മിക്കാം വാക്കുകൾ എഴുതിയ | ജൂലൈ | ക്ലാസ്സ് ടീച്ചർ,ക്ലാസ്സ് സപ്പോർട്ടിംഗ് ഗ്രൂപ്പ്,മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| 3.പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കുക. | കാർഡുകൾ നൽകി രണ്ടോമൂന്നോ വാക്കുകളെ ചേർത്ത് കുറിപ്പുകൾ ഉണ്ടാക്കൽ<br>സംഭാഷണം വർണ്ണന എന്നിവ തയ്യാറാക്കൽ | ആഗസ്റ്റ് | വിദ്യാരംഗം ക്ലബ്ബ് |
| 4.വ്യവഹാര രൂപങ്ങൾ ഉറപ്പിക്കുക. | കഥയുടെ ബാക്കി ഭാഗം പറയുക,വരികൾ കൂട്ടിച്ചേർക്കുക<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക<br>പഠനയാത്ര | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ,എസ.ആർ.ജി പി.ടി. എ |
| | പുസ്തകം സ്വതന്ത്രമായി വായിച്ച് വായനക്കുറിപ്പ്,ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ<br>ശിൽപ്പശാല | ഒക്ടോബർ | വിദ്യാരംഗം ക്ലബ്ബ്,എസ്.എസ്.ജി,പി.ടിയ എ |

| | | | |
|---|---|---|---|
| 5 സർഗാത്മക രചനകളിൽ ഏർപ്പെടുക | ചെറിയ ചെറിയ കഥകൾ,കവിതകൾ നിർമ്മിക്കൽ<br><br>സ്കൂൾ ലൈബ്രറിയിൽ നിന്ന് തീമാറ്റിക് ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിച്ച് ഗ്രൂപ്പ് വർക്കുകൾ നൽകൽ<br><br>വ്യാകരണം  ഉറപ്പിക്കുക<br>അമ്മ വായന<br>പത്ര വായന<br><br>പാഠപുസ്തകത്തിലെ സാഹിത്യകാരൻമാരുടെ ലഘു ജീവചരിത്രക്കുറിപ്പ് വായിക്കുക,പ്രധാന സാഹിത്യഅവാർഡുകൾ,സാഹിത്യകാരൻമാർ എന്നിവരെ പരിചയപ്പെടുക | നവംബർ<br><br>ഡിസംബർ<br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | മലയാളം അധ്യാപകർ,വിദ്യാരംഗം<br><br>സി.പി.ടി.എ.<br><br>സി.എസ്.ജി,മലയാളം അധ്യാപകർ |

# GHSS MUTHUVALLUR

# അക്കാഡമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക . വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാ ശീലം വളർത്തുക, നല്ല വായനക്കാരനാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ,ചിത്രകഥകൾ.... ... വായനാമൂല സ്ഥാപിക്കുന്നു. | 6 മാസം ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br><br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സ് കയ്യെഴുത്തു മാഗസിൻ നിർമിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു | 2 മാസം സെപ്റ്റംബർ-നവംബർ | | അധ്യാപകർ,രക്ഷിതാക്കൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| **ഉൾച്ചേർന്ന വിദ്യാഭ്യാസം**<br><br>ഭിന്നശേഷി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br><br>5,6,7 ക്ളാസ്സുകളിലെ കുട്ടികളുടെ നിലവാരം മനസിലാക്കുക | വ്യത്യസ്ത തരം പസ്സിലുകൾ, നിറം നൽകൽ, അക്ഷര കാർഡുകൾ, വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തങ്ങൾ<br><br>പ്രീ ടെസ്റ്റ് നടത്തുക , അടിസ്ഥാന പാഠങ്ങൾ പഠിപ്പിക്കുന്നു. | 1 അധ്യയന വർഷം<br><br>ജൂൺ മാസം | കളറുകൾ, ചാർട്ട് പേപ്പറുകൾ, വിവിധ പസിലുകൾ<br><br>പാഠ പുസ്തകങ്ങൾ | രക്ഷിതാക്കൾ, അധ്യാപകർ<br><br>അധ്യാപകർ |
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിൽ മുഴുവൻ ഇങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | പോസ്റ്ററുകൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **<u>ദിനാചരണങ്ങൾ</u>**<br><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണർത്തുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു . | നവംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| **<u>ആസ്വാദനം</u>** | IT സാധ്യതകളെ ഉപയോഗപ്പെടുത്തി കഥാ,കവിത,അനിമേഷൻ, ഷോർട്ട് വിഡിയോകൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **<u>അറബി ഭാഷാ ലാബ്</u>** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | ഡിസംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ, ബി ആർ സി, ഡയറ്റ്,പൂർവ്വ വിദ്യാർത്ഥികൾ,PTA |
| **<u>അറബിക് ഫെസ്റ്റ്</u>**<br>അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ | അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, വിഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ഡിസംബർ | | |

# മേഖല - UP ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് സംസാരിക്കുന്നതിന് താൽപ്പര്യം ഉണ്ടാക്കുക. ഇംഗ്ലീഷ് നന്നായി എഴുതാനും സംസാരിക്കാനും തയ്യാറാക്കുക | **English Workshop** | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **News Time** -ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. | ജൂലൈ , | | |
| | **Hai – Hello**-ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ആഗസ്റ്റ് | | |
| | **My findings**-കുട്ടികൾ mini dictionary തയ്യാറാക്കുന്നു. | ജനുവരി | | |
| | **English Skit**-പാഠഭാഗത്തെ ആസ്പദമാക്കിയുള്ള നാടകം എഴുതി അവതരിപ്പിക്കുന്നു. | ഒക്ടോബർ , നവംബർ | | |
| 2. കൃത്യമായ ഉച്ചാരണത്തോടെയുള്ള വായന | **Interview time**-ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യുന്ന വ്യക്തികളുമായി ആശയവിനിമയത്തിനുള്ള അവസരം ഒരുക്കുന്നു. | ഫെബ്രുവരി | | |
| | **Best reader**<br>English report വായിക്കാൻ നൽകി സ്കൂൾ തല വിജയിയെ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു. | രണ്ടു മാസം കൂടുമ്പോൾ | | |
| | **Leaning ladder**<br>പാഠ ഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്ന് വായിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് ഏണിയുടെ ഉയരങ്ങൾ കീഴടക്കി നമ്മാനം കണ്ടെത്താൻ സാധിക്കുന്നു. | രണ്ടു മാസം കൂടുമ്പോൾ | | |

| അക്കാദമിക് മാസ്റ്റർ പ്ലാൻ UP ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. UP തലത്തിലെ എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരം ഉറപ്പിക്കൽ. കൂടാതെ പദങ്ങളും ഉറപ്പിക്കൽ | പുതിയ പദങ്ങൾ കവിതകൾ ചൊല്ലി അതിൽ വരുന്ന അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കൽ.<br>• അക്ഷരം കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |
| 2. ഹിന്ദി വായന : തെറ്റ കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം. | • നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുക.<br>• അധിക വായന സാമഗ്രികൾ നൽകുക. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| 3. ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക. നിത്യ ജീവിതത്തിൽ ആവിശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക. | • ഹിന്ദി മാത്രം മിക്കവാറും ക്ലാസിൽ ഉപയോഗിക്കും<br>• ചിത്ര സഹായത്തോടെ ചിത്ര കഥ യയ്യാറാക്കൽ, വിവരണം തയ്യാറാക്കൽ .<br>• ചെറിയ വിഷയങ്ങളെ കുറിച്ച് സംസാരിക്കാൻ പ്രോത്സാഹിപ്പിക്കൽ .<br>• ഹിന്ദി ക്ലബ് പ്രവർത്തനം. | ജൂലൈ- ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ - യൂപി - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 1. വൃക്ഷത്തൈകൾ നടൽ മാവ് ,പ്ലാവ്, പേര, റമ്പൂട്ടാൻ തുടങ്ങിയ വൃക്ഷത്തൈകൾ നട്ട് പ്രകൃതിയുമായി നേരിട്ടുള്ള ഇടപെടൽ<br><br>2. സീഡ് ക്ലബ് ഉദ്ഘാടനം വനനശീകരണത്തിനെതിരെ പ്രതീകാത്മകമായി കയ്യൊപ്പ് ചാർത്തി സീഡ് ക്ലബ്ബ് ഉദ്ഘാടനം ചെയ്യൽ. | ജൂൺ | ശാസ്ത്ര അധ്യാപകർ , സയൻസ് ക്ലബ്ബ് ,സീഡ് ക്ലബ് | ക്ലബ്ബ് ഭാരവാഹികൾ |
| 2. ശാസ്ത്രശേഷി വർദ്ധിപ്പിക്കുക, ശാസ്ത്ര താൽപര്യം ജനിപ്പിക്കുക ,ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | 1. പരീക്ഷണ കിറ്റ് നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകളിലേക്ക് പ്രവേശിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു . കണ്ടെത്തിയ പരീക്ഷണങ്ങളുടെ ലഘു | ജൂലൈ , ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
